# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുകോൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P6/474/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുകോൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P6/474/23 തീയ്യതി: 05/04/2023

## കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-11-2021 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ. ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.റ്റി.സിന്ധു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാകേഷ്. എം. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രതീഷ് കിളിത്തട്ടിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഫ്ലോസിലാസ് | സെക്രട്ടറി | 01-04-2021 | 16-06-2021 |
| ശ്രീമതി.ബിജി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-06-2021 | 17-07-2021 |
| ശ്രീമതി.ഫ്ലോസിലാസ് | സെക്രട്ടറി | 18-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിജി. ആർ | അസി. സെക്രട്ടറി | 01-04-2021 | 24-11-2021 |
| ശ്രീ. ഷാജി. സി | അസി. സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-11-2021 | 24-12-2021 |
| ശ്രീമതി. ബിജി. ആർ | അസി. സെക്രട്ടറി | 25-12-2021 | 05-01-2022 |
| ശ്രീ. പ്രിൻസ് | അക്കൌണ്ടന്റ് | 06-01-2022 | 15-01-2022 |
| ശ്രീ ശങ്കരൻകുട്ടി | അസി. സെക്രട്ടറി | 17-01-2022 | 31-03-2022 |
| ശ്രീ. രാജേഷ്. ബി. കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനുഷ്മ | കൃഷി ഓഫീസർ | 01-04-2021 | 13-10-2021 |
| ശ്രീ. ബിജു. യു. സി | കൃഷി ഓഫീസർ | 13-10-2021 | 23-10-2021 |
| ശ്രീമതി. ആതിര. എസ്. കുമാർ | കൃഷി ഓഫീസർ | 23-10-2021 | 31-03-2022 |
| ശ്രീമതി. രമാദേവി അമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈനി. പി. എസ് | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീ. സുഭാഷ്. എസ് | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ഡോ. രാജശ്രീ. പി | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2021 | 31-03-2022 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു. പി. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മോളി വർഗ്ഗീസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആശ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 23-11-2021 |
| ശ്രീ. മനോജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 14 | പ്രോജക്ട് മുഖേന ചെലവഴിച്ച തുകയ്ക്ക് പൂർണമായും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 15 | കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചതിലെ അധിക ചെലവ് നിരാകരിക്കുന്നു | 1-14 |
| 16 | നാപ്കിൻ വെൻഡിംഗ് മെഷിൻ, നാപ്കിൻ ഇൻസിനറേറ്റർ - മെഷീനുകൾ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. | 1-15 |
| 17 | പൾസ് ഓക്സിമീറ്റർ - വിതരണവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | O.D.F. പദവി നിലനിർത്തൽ - ആദ്യ ഗഡു കൈപ്പറ്റിയിട്ട് കക്കൂസ് നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-17 |
| 19 | കുടിവെള്ള വിതരണം - ക്വട്ടേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. | 1-19 |
| 21 | ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല. | 1-20 |

| | | |
|---|---|---|
| 22 | ഫൈൻ ഈടാക്കിയില്ല. | 1-21 |
| 23 | ജി.എസ് ടി ഉറവിടത്തിൽ നിന്നും കുറവു ചെയ്തില്ല. | 1-22 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | കൂടിയ നിരക്കലുള്ള ടെൻഡർ പ്രകാരം വാങ്ങൽ - അധിക ചെലവു നിരാകരിക്കുന്നു. | 3-1 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.2.21 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 31-7-2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ഇൻഡ്യൻ ഓവർസീസ് ബാങ്ക് - തനതു ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. 030301000023070)- 2021-22വാർഷിക റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള ചെക്ക് നം.6272607/11.9.20 പ്രകാരം 23780/- രൂപ AEPMHS ജീവനക്കാരുടെ 2019-20 വർഷത്തെ Ist Half തൊഴിൽ നികുതി തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും നാളിതുവരെ പണമാക്കാതെ Uncredited Amount ആയി രേഖപ്പെടുത്തിയിരിക്കുന്നു.

2. Receipts & Payments ൽ RP45-ലോണിന്റെ ചെലവ് വിശദാംശങ്ങൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. MGNREGS വരവ് തുക ബാങ്ക് സ്റ്റേറ്റ്മെന്റ്,ക്യാഷ് ബുക്ക് എന്നിവ പ്രകാരം 948293/-രൂപയാണെന്നിരിക്കെ RP 31 ൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 953183/- രൂപയാണ്.വരവിനത്തിൽ 4890/- രൂപയുടെ വ്യത്യാസം കാണുന്നു.

4.ലൈഫ് മിഷൻ സംസ്ഥാന വിഹിതം വരവ് തുക ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 54,40,000/-രൂപയാണെന്നിരിക്കെ RP 31 ൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 6408200/- രൂപയാണ്.വരവിനത്തിൽ 968200/- രൂപയുടെ വ്യത്യാസം കാണുന്നു.

5. വായ്പ B-5 ഷെഡ്യൂളിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ, ഹഡ്കോ ലോൺ എന്നിങ്ങനെ രണ്ട് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹഡ്കോ ലോൺ എന്ന ഒരു ഹെഡ്ഡ് മാത്രമേ നിലവിലുള്ളൂ.

6.ട്രഷറി ജോയിന്റ് വെഞ്ച്വർ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 572121/-രൂപയാണ്.RP 40(b)പ്രകാരം നീക്കിയിരിപ്പ് തുക 512549/- രൂപയാണ്.

7.ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിലുളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് തുകകളായി (മുൻ വർഷങ്ങളിലുൾപ്പടെ) ചുവടെ ചേർക്കുന്നവയുടെ നിലവിലെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Deposit With Kerala Water Authority - 1167000/-

Deposit With Ground Water Department- 700000/-

Electricity Deposits - 1187591/-

8. സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

9.Central Finance Commission Grant ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 5578667/-രൂപയാണ്.RP 40(b)പ്രകാരം നീക്കിയിരിപ്പ് തുക 4479644/- രൂപയാണ്.(റീക്കൺസിലിയേഷൻ പ്രകാരമുള്ളത്).

10.വിവിധ DCB ഇനങ്ങളുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11.വാർഷിക കണക്കുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് ഇനങ്ങളിൽ Suppliers EMD-13816/-,Auction Deposit-240000/- എന്നിവ യഥാർഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.(രജിസ്റ്റർ പ്രകാരം-Suppliers EMD-5816/-,Auction Deposit-286850/-)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18242530/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 81062471/-രൂപ |
| ആകെ | 99305001/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 84085718/-രൂപ |
| നീക്കിയിരിപ്പ് | 15219283/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4340/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 723193/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (എ.സി.ആർ പ്രകാരം) | - | 13484455/- | 13484455/- | 13477953/- | 6502/- | |
| വികസന ഫണ്ട് (എസ്.സി.പി) (എ.സി.ആർ പ്രകാരം) | - | 8694652/- | 8694652/- | 8554597/- | 140055/- | |
| സി.എഫ്.സി-അൺടൈഡ് (ട്രഷറി) | - - | 710961/- | 710961/- | 697961/- | 13000/- | |
| സി.എഫ്.സി-അൺടൈഡ് (ബാങ്ക്) | | 2510000/- | 2510000/- | 1099023/- | 1410977/- | |
| സി.എഫ്.സി- ടൈഡ് (ട്രഷറി) | - | 4976755/- | 4976755/- | 1784137/- | 3192618/- | |
| സി.എഫ്.സി- ടൈഡ് (ബാങ്ക്) | | 3764000/- | 3764000/- | 695333/- | 3068667/- | |
| മെയിൻറനൻസ് ഗ്രാൻറ്-റോഡ് (എ.സി.ആർ പ്രകാരം) | - | 15724000/- | 15724000/- | 7112883/- | 8611117/- | |
| മെയിൻറനൻസ് ഗ്രാൻറ്-നോൺ റോഡ് (എ.സി.ആർ പ്രകാരം) | - | 5822324/- | 5822324/- | 5407168/- | 415156/- | |
| സമ്പൂർണ്ണ ശുചിത്വം | 896691/- | 987500/- | 1884191/- | 1178863/- | 705328/- | |
| ലൈഫ് സ്റ്റേറ്റ്ഷെയർ | 3100000/- | 5440000/- | 8540000/- | 5878861/- | 2661139/- | |
| ഐ.സി.ഡി.എസ് | 757846/- | 802413/- | 1560259/- | 672706/- | 887553/- | |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ജി.എസ്. | 2578/- | 953183/- | 955761/- | 912828 | 42933/- | |
| എസ്.എസ്.എ | 595507/- | 13751/- | 609258/- | 595507/- | 13751/- | |
| ലൈബ്രറി ഗ്രാൻറ് | 4100/- | 20550/- | 24650/- | 18550/- | 6100/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 231832900/- | 134 | 61553491/- | 0 | 41 | 76.57% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2578.42/- | 973133/- | 975711.42/- | 932778/- | 42933.42/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48829282 | 48829282 | 48829282 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 48360/- |
| കർഷകതൊഴിലാളി പെൻഷൻ | 1745600/- |
| വിധവാപെൻഷൻ | 14190400/- |
| വാർദ്ധക്യകാലപെൻഷൻ | 24798000/- |
| വികലാംഗപെൻഷൻ | 4173700/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 522000/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10970/-ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും

ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.മാനുവെൽ രസീത് ഉപയോഗിച്ച് ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ILGMS സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതികളിൽ 9 റോഡ് നിർമ്മാണം പൂർത്തീകരിച്ചത് അഭിനന്ദനാർഹമാണ്. ഇത്തരം പ്രവൃത്തികളുടെ മെറ്റീരിയൽ വിതരണക്കാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നതിൽ വിഴ്ചയുണ്ടായി. ഓഡിറ്റ് നിർദേശത്തെ തുടർന്ന തുക ഈടാക്കി ഒകിക്കു വരുത്തി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.1.2019 | 2014-15 To 2017-18 | 8.2.19 |
| പെർഫോർമൻസ് ഓഡിറ്റ് | 11.1.23 | 10/22 To 12/22 | 8.2.23 |

## 1-11 ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന EP VII, 777, 778, 779 നമ്പർ മുറികളുടെ വാടക സംബന്ധിച്ച കരാർ കാലാവധി 31.12.2015 ന് അവസാനിച്ചതാണ്. പഴയ നിരക്കിലെ വാടകയായ 2785/-രൂപ 31/07/2016 വരെ ഒടുക്കുവരുത്തിയിട്ടുള്ളതാണ്. കരാർ പുതുക്കി വാടക കുടിശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും മുന്നോട്ട് വച്ചിരുന്നു. എന്നാൽ ഇപ്പോഴും ഈ നടപടികൾ പൂർത്തിയാക്കി കെട്ടിടത്തിൽനിന്ന് വാടക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 01.01.2016 മുതലുള്ള പുതുക്കിയ വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല. പി.ഡബ്ല്യു.ഡി. മുഖേന വാടക നിരക്ക് പുതുക്കി 01.01.2016 മുതലുള്ള വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

1. കെ.എസ്.എഫ്.ഇ. എഴുകോൺ
2. കെ.എസ്.ഇ.ബി. എഴുകോൺ
3. കേരള സ്റ്റേറ്റ് ബീവറേജസ് കോർപറേഷൻ
4. എസ്.ബി.ഐ. നെടുമ്പായിക്കുളം

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -17/15.02.23

1-13 പ്രോജക്റ്റ് മുഖേന ചെലവഴിച്ച തുകയ്ക്ക് പൂർണമായും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി മുഖേന നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്റ്റുകളിൽ ചെലവഴിച്ച തുകയ്ക്ക് പൂർണമായും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം.14/22

ഈ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 300000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 179558/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. പ്രൊജക്റ്റ് മുഖേന ചെലവഴിച്ച 120442 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

2. പ്രോജക്റ്റ് നം.17/22

ഈ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 399818 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 186180/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 213638/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 334080/- രൂപ (120442+ 213638) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക -334080 രൂപ

ഓഡിറ്റ് എൻക്വയറി നം- 19/15.02.23

1-14 കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചതിലെ അധിക ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി.)-44940 |
| ചെലവ് | 44940/- രൂപ<br>(ബിൽ നം. 3/12-8-21-38520<br>6420/- ബിൽ നം. 4തീയതി 12-8-2021) |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടത്തിയ പട്ടികജാതി വിഭാഗം വൃദ്ധർക്ക് കട്ടിൽ (SO038/21) എന്ന പദ്ധതിയുടെ സ്പിൽ ഓവറായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ നം.138/22 പ്രോജക്റ്റിലും മുൻവർഷത്തെ ഓഡിറ്റ് പരാമർശപ്രകാരമുള്ള അപാകത ആവർത്തിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. ആയതു പ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻസ്ട്രിയൽ പാർക് എന്ന സ്ഥാപനം ജി.എസ്.ടി. ഉൾപ്പടെ ഒരു കട്ടിലിന് 2,900/- രൂപയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത്. എന്നാൽ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനം രേഖപ്പെടുത്തിയത് 3,210/- രൂപയാണ്. ആയത് അംഗീകരിക്കുകയും

ടി സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയും ചെയ്തു. 18.09.2020 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പടുത്തിയതിനാൽ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗികരിക്കുന്ന വെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻസ്ട്രിയൽ പാർക് എന്ന സ്ഥാപനം ആണെന്നിരിക്കെ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിൽ വാങ്ങിയത്

നാഷണൽ ഇന്റസ്ട്രീസ് പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിൽ നിന്നും 14 കട്ടിലുകൾ 3,210/- രൂപ നിരക്കിൽ വാങ്ങി. ആയതിനായി 44940/- (3,210x14) രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻഡസ്ട്രിയൽ പാർക് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നുവെങ്കിൽ 14 കട്ടിലുകൾ (2900x14) 40600/- രൂപക്ക് ലഭിക്കുമായിരുന്നു. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പ്രകാരം വാങ്ങാത്തതിനാൽ 4340 രൂപയുടെ അധിക ചെലവുണ്ടായി. ഈ തുക 4340/- രൂപ നിരാകരിക്കുന്നു.

1-15 നാപ്കിൻ വെൻഡിംഗ് മെഷിൻ, നാപ്കിൻ ഇൻസിനറേറ്റർ - മെഷീനുകൾ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം | പൊതുഇടങ്ങളിൽ നാപ്കിൻ വെൻഡിംഗ് മെഷിൻ, നാപ്കിൻ ഇൻസിനറേറ്റർ എന്നിവ വാങ്ങൽ (നം 219/2022) |
| അടങ്കൽ തുക | 400000/-(CFC ഫണ്ട്) |
| ചെലവ് തുക | 251163/-<br>(TRN No.2104020000000/30.3.22) |

എഴുകോൺ ഗ്രാപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ പ്രോ.നം 219/2022ആയി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ നാപ്കിൻ വെൻഡിംഗ് മെഷിൻ,നാപ്കിൻ ഇൻസിനറേറ്റർ എന്നിവ വാങ്ങൽ പ്രോജക്റ്റിൻറെ ഭാഗമായി വാങ്ങിയ Napkin Incinerator Mechine കൾ

Yesvee Technologies,Adichanalloor,Kollamഎന്ന സ്ഥാപനത്തിൽ നിന്ന് ഒരുവർഷ വാറൻറിയോടെ യാണ് 251163/-രൂപ ചെലവഴിച്ചാണ് വാങ്ങിയിട്ടുള്ളത്. YESVEE Technologies എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ മെഷീനുകൾ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

1. AEPM HS Irumbanagad-1 Nos
2. AEPM HSS Irumbanagadu- 1 Nos
3. Marthoma High School Arumurikkada- 1 Nos
4. VS VHSS Ezhukone- 1 Nos
5. Ezhukone Technical School( Tailoring School)- 1 Nos
6. Kerala State Cashew Development Corparation Factory No 22-Nedumbaikulam 1 Nos
7. Kerala State Cashew Development Corparation Factory No 29-Paruthampara 1 Nos
8. Ezhukone Panchayath Office Building - 2 Nos

10.2.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ Kerala State Cashew Development Corparation Factory (No 22-Nedumbaikulam) യിൽ മെഷീന്റെ പാക്കറ്റ് പോലും മാറ്റാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതായും Marthoma High School Arumurikkada-ൽ നാളിതു വരെ മെഷീനുകൾക്ക് കണക്ഷൻ നൽകി പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതായും കണ്ടു. 9 മെഷീനുകൾ വാങ്ങിയതിൽ 6 എണ്ണവും നാളിതുവരെ പ്രവർത്തനമാരംഭിക്കാത്ത സാഹചര്യമാണുള്ളത്. മെഷീനുകൾ പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ പദ്ധതിപ്പണം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് തുടർ നടപടികൾ സ്വീകരിച്ച് ടി മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ് എന്നാണ്.

കേവലം ഒരു വർഷ വാറന്റിയോടെ വാങ്ങിയ മെഷീനുകൾ വാങ്ങി ഒരു വർഷം തികയാൻ പോകുന്ന സമയത്തും പ്രവർത്തനമാരംഭിക്കാത്ത സാഹചര്യത്തിൽ വാറന്റിയുടെ പ്രയോജനം നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. മെഷീനുകൾ പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ പദ്ധതിപ്പണം ദുരുപയോഗം ചെയ്തിട്ടുള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.2/13.2.23

## 1-16 പൾസ് ഓക്സിമീറ്റർ - വിതരണവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ തനത് ഫണ്ട് വൗച്ചർ പ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയും പ്രകാരം പൾസ് ഓക്സിമീറ്റർ വാങ്ങി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | എണ്ണം | നിരക്ക് | ആകെ തുക (രൂപ) | ചെക്ക് നം. |
|---|---|---|---|---|
| ജയ്സ് ഫാർമ, കൊല്ലം | 25 | 1782 | 50342/-(12% G.S.T ഉൾപ്പടെ) | 963877/21.5.21 |

മേൽ പൾസ് ഓക്സിമീറ്റർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, ഉപയോഗത്തിന് ശേഷം തിരികെ ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ പൾസ് ഓക്സിമീറ്ററുകൾ കൈപ്പറ്റിയ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്, നിലവിലെ സ്ഥിതിവിവരം അറിയുവാൻ കത്ത് നൽകിയിട്ടുണ്ടെന്നുംഅറിയിച്ചു. ആയതിനാൽ പൾസ് ഓക്സിമീറ്ററുകളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതുവരെ 50342/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓക്സിമീറ്ററുകളുടെ നിലവിലെ സ്ഥിതിവിവരം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം- 10 /13.2.23

തടസ്സപ്പെടുത്തിയ തുക – 50342/-രൂപ

## 1-17 O.D.F. പദവി നിലനിർത്തൽ - ആദ്യ ഗഡു കൈപ്പറ്റിയിട്ട് കക്കൂസ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

O.D.F. പദവി നിലനിർത്തൽ

പ്രോജക്ട് നം-S0171/22

അടങ്കൽ തുക – 1925000/-( കേന്ദ്രാവിഷ്കൃത ഫണ്ട് - 1500000, ധനകാര്യകമ്മീഷൻ ഗ്രാന്റ് - 425000)

ചെലവ്- 1166400/- (കേന്ദ്രാവിഷ്കൃത ഫണ്ട്- 840000, ധനകാര്യകമ്മീഷൻ ഗ്രാന്റ്-326400)

നിർവ്വഹണം - വി.ഇ.ഒ (സർക്കിൾ-2)

2021-22 വർഷത്തിൽ O.D.F. പദവി നിലനിർത്തൽ പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് 3400/-രൂപ , കേന്ദ്രാവിഷ്കൃത ഫണ്ട് 12000/-രൂപ നിരക്കിൽ ആകെ 15400/-രൂപ സബ്സിഡിയിനത്തിൽ ആനുകൂല്യം നൽകുന്നതാണ് പദ്ധതി.ആദ്യഗഡു 3400/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് കൈപ്പറ്റിയിട്ട് കക്കൂസ് നിർമ്മാണം നാളിതുവരെ ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയതുക (രൂപ) | ബിൽ നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.സൌമ്യ<br>അമ്പാടി, വാർഡ്-9 | 3400/- | 29/11.2.22 |
| ശ്രീമതി.ശാന്ത.കെ<br>ഉണ്ടുവിളകിഴക്കതിൽ, വാർഡ്-1 | 3400/- | 29/11.2.22 |
| ശ്രീ.നാഗരാജ്<br>രുദ്രവീണഭവനം<br>വാർഡ്-14 | 3400/- | 45/23.3.22 |
| ആകെ- | 10200/- | |

മേൽ ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ട് കക്കൂസ് നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തതിനാൽ നല്കിയ തുക 10200/-രൂപ തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് നളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കൾക്ക് ഓഫീസ് മുഖനേ കത്തും, വാർഡ് മെമ്പറും ഗുണഭോക്താക്കളും ഓഫീസിൽ വച്ച് നടത്തിയ ചർച്ചയിൽ ബന്ധപ്പെട്ടതു മൂലം 25.3.23തിയതിക്ക് മുമ്പായി കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുമെന്നും,അല്ലാത്തപക്ഷം പലിശസഹിതം നൽകിയ തുക തിരിച്ച് പിടിക്കാംമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിട്ടുള്ളത്. എത്രയും വേഗം കക്കൂസ് നിർമ്മാണം പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും,അല്ലാത്തപക്ഷം നൽകിയ തുക പിഴപ്പലിശ ഉൾപ്പടെ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

എൻക്വയറി നം-8/ 13.2.23

തടസ്സപ്പെടുത്തുന്ന തുക- 10200/- രൂപ

1-18 കുടിവെള്ള വിതരണം - ക്വട്ടേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിലെ തനത് ഫണ്ട് വൌച്ചർ പരിശോധനയിൽ 31.3.21 മുതൽ 11.4.21 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം ചെയ്തതിന് 1% IT കിഴിച്ച് 3,28,571/-(ചെക്ക് നം-963835/28.4.21)രൂപ ശ്രീ.ജോസ് ആന്റണിക്ക് നൽകി. 1500 ലിറ്റർ ടാങ്ക് ഘടിപ്പിച്ച വാഹനങ്ങളിൽ ഒരു കിലോമീറ്ററിന് 30/-രൂപ നിരക്കിൽ ജി.പി.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം 11063 കിലോമീറ്ററിനാണ് തുക നൽകിയിരിക്കുന്നത്.ടി ചെലവിന് ആധാരമായ ക്വട്ടേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ രേഖകളുടെ അഭാവത്തിൽ കുടിവെള്ള വിതരണത്തിന് ചെലവഴിച്ച 3,28,571/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-16 15.2.23

തടസ്സം – 3,28,571/-രൂപ

1-19 മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നും മുറിച്ച മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| മരം നിന്ന സ്ഥലം | കൂലിയിനത്തിൽ നൽകിയ തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|
| ചിറ്റാകോട്ഗവ.എൽ.പി.സ്കൂൾ (തേക്ക് മരം) | 3000/- | 964071/3.4.21 |

| | | |
|---|---|---|
| ഫോർസന്റ് കോളനി (ആഞ്ഞിലി, തെങ്ങ്) | 6801/- | 966716/15.1.22 |

ഫോറസ്റ്റ് വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ മുതൽ കൂട്ടാത്തതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരങ്ങൾ മുറിച്ച് സൂക്ഷിച്ചിട്ടുള്ളതാണെന്നും, ഫോറസ്റ്റ് വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഫോറസ്റ്റ് വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി മരങ്ങൾ അടിയന്തിരമായി ലേലം ചെയ്ത് തുക തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. തുടർ നടപടി വിവര പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം - 14/ 13.2.23

1-20 ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതി (ജനറൽ)

പ്രോജക്റ്റ് നം-S0130/22

അടങ്കൽ തുക - 21920000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്- 5120000/-, ബ്ലോക്ക് വിഹിതം - 2240000/-, ജില്ലാവിഹിതം - 2240000/-, മറ്റുള്ളവ - 12320000/- )

ചെലവ് - 1120000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

നിർവ്വഹണം - വി.ഇ.ഒ(സർക്കിൾ-1)

2020-21 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി നാളിതുവരെ ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|
| ശ്രീമതി.രജിത<br>കുരിപ്പള്ളി കോണത്ത്<br>കരുവേലിൽ.പി.ഒ | 40000/- | 985038/12.7.21 |

ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്തതിന് രേഖാമൂലം വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നളിതുവരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താവിനെ നേരിട്ടും, കത്ത് മുഖനേയും ബന്ധപ്പെട്ടു മൂലം 31.3.23 തീയതിക്ക് മുമ്പായി വീടുപണി പൂർത്തീകരിക്കുമെന്നും, അല്ലാത്തപക്ഷം പലിശസഹിതം നൽകിയ തുക തിരിച്ച് പിടിക്കാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിട്ടുള്ളത്. മേൽ ഗുണഭോക്താവിനെ കൊണ്ട് എത്രയും വേഗം വീട്പണി പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം നൽകിയ തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

എൻക്വയറി നം-9/13.2.23

1-21 ഫൈൻ ഈടാക്കിയില്ല.

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക ,വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക , അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ,പ്രവൃത്തികളുടെ

പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൻറെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല.വിശദാംശങ്ങൾചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം.147/22 (സ്പിൽ ഓവർ) | കറ്റ കെട്ടിൽ പുന്നകീഴ് റോഡ് കോൺക്രീറ്റിംഗ് സംരക്ഷണബിത്തി നിർമ്മാണവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 168000/-(സംരക്ഷണ ഗ്രാൻറ്, റോഡ്, )<br>100000/-(തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. അനീഷ് |
| കരാർ | 43/AE/LSGD/EGP/2019-20,തീ.19-08-2020 |
| ചെലവ് തുക | 184921/-, (ബിൽനം.18/16-2-22 തുക-168000/-,<br>16921/-ചെക്ക് നം.967344 തീ.15-2-22) |
| എഗ്രീഡ് പി.എ.സി | 196621 |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം (18-12-20) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 4-1-22 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 18-12-20 |
| വൈകിയ കാലയളവ് : | 199 ദിവസം (6 മാസം കഴിച്ച്) |
| കണക്കാക്കാവുന്ന ഫൈൻ | 5589/-രൂപ (196621x0.1% 199/7). |
| ഈടാക്കിയ ഫൈൻ. | 3302/-രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 2287/-രൂപ |

ആകെ കുറവായി ഈടാക്കിയ പിഴ തുക 2287/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഇാടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 ജി.എസ് ടി ഉറവിടത്തിൽ നിന്നും കുറവു ചെയ്തില്ല.

2017 ലെ C GST Act/ SGST Act സെക്ഷൻ 51 (1) പ്രകാരം വിതരണ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ കരാറുകളിൽ നിന്നും 1% വീതം തുക കുറവ്ചെയ്യേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി നിർമ്മാണ പ്രവൃത്തികളിൽ 2.50 ത്തിൽ അധികം സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | സാധനങ്ങളുടെ വില | ഈടാക്കേണ്ട ജി.എസ്.റ്റി | ഈടാക്കേണ്ട ആദായ നികുതി | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 5 വാർഡിൽ കാക്കകോട്ടൂർ- ഏലാ- വാഴപിള്ളിൽ റോഡ്<br>എസ്റ്റിമേറ്റ് തുക-391749/-<br>ചെലവ് തുക-355140/- | 299368/- | 5987/- | 2994/- | ബൈജു |
| 2 | 4 മാമ്പഴതോട്ടം-മുട്ടത്ത് വയൽറോഡ് | 288964/- | 5779/- | 2889/- | ബൈജു |

| | | | | | |
|---|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക-391749/-<br>ചെലവ് തുക -354578/- | | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന ബിൽ തുക കരാറുകാരന ലഭിച്ചിട്ടില്ല എന്നും തുക അനവദിക്കന്ന മുറക്ക് ഈടാക്കുന്നതാണെന്നും അറിയിച്ചു. തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കു വരുത്തി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൂടിയ നിരക്കലുള്ള ടെൻഡർ പ്രകാരം വാങ്ങൽ - അധിക ചെലവു നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി.)-44940 |
| ചെലവ് | 44940/- രൂപ<br>(ബിൽ നം. 3/12-8-21-38520<br>6420/- ബിൽ നം. 4 തീയതി 12-8-2021) |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടത്തിയ പട്ടികജാതി വിഭാഗം വൃദ്ധർക്ക് കട്ടിൽ (SO038/21) എന്ന പദ്ധതിയുടെ സ്പിൽ ഓവറായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ നം.138/22 പ്രോജക്റ്റിലും മുൻവർഷത്തെ ഓഡിറ്റ് പരാമർശപ്രകാരമുള്ള അപാകത ആവർത്തിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. ആയതു പ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻസ്ട്രിയൽ പാർക് എന്ന സ്ഥാപനം ജി.എസ്.ടി. ഉൾപ്പടെ ഒരു കട്ടിലിന് 2,900/- രൂപയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത്. എന്നാൽ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനം രേഖപ്പെടുത്തിയത് 3,210/- രൂപയാണ്. ആയത് അംഗീകരിക്കുകയും ടി സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയും ചെയ്തു. 18.09.2020 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയതിനാൽ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗികരിക്കുന്നു വെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻസ്ട്രിയൽ പാർക് എന്ന സ്ഥാപനം ആണെന്നിരിക്കെ നാഷണൽ ഇൻഡസ്ട്രീസ്, പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിൽ വാങ്ങിയത്

നാഷണൽ ഇന്റസ്ട്രീസ് പുതുശ്ശേരിക്കോണം എന്ന സ്ഥാപനത്തിൽ നിന്നും 14 കട്ടിലുകൾ 3,210/- രൂപ നിരക്കിൽ വാങ്ങി. ആയതിനായി 44940/- (3,210x14) രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ജാസ് ഇൻഡസ്ട്രീസ്, സിഡ്കോ ഇൻഡസ്ട്രിയൽ പാർക് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നുവെങ്കിൽ 14 കട്ടിലുകൾ (2900x14) 40600/- രൂപക്ക് ലഭിക്കുമായിരുന്നു. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പ്രകാരം വാങ്ങാത്തതിനാൽ അധിക ചെലവുണ്ടായ 4340/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 8.2.23, 9.2.23 | കെ.എസ്.എ.കെ.എൽ.എം.പി6/474/23 തീയതി 31.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 12700000 | 6/22-ലൈഫ് | 500000 | 12200000 |
| ജില്ലാപഞ്ചായത്ത് | 2021-22 | 150000 | 40/22-സ്കോളർഷിപ്പ് | 100000 | 50000 |
| ജില്ലാപഞ്ചായത്ത് | 2021-22 | 38250 | 75/22-സമഗ്രനെൽകൃഷി വികസനം | 38250 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1808933 | 161/22-ലൈഫ്-എസ് അഡീഷണൽ ലിസ്റ്റ് | 1434340 | 374593 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 12620000 | 6/22-ലൈഫ് | 505821 | 12114179 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | 39/22-അംഗൻവാടി പോഷകാഹാരം | 240000 | 260000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | 40/22-സ്കോളർ ഷിപ്പ് | 120000 | 30000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 38250 | 75/22-സമഗ്രനെൽകൃഷി വികസനം | 38250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 700000 | 161/22-ലൈഫ്-എസ് അഡീഷണൽ ലിസ്റ്റ് | 576672 | 123328 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 24,20,000/-രൂപ വരവുണ്ട്. തൻവർഷം 59,08,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക(രൂപ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക(രൂപ) | മുതൽ | പലിശ | തുക(രൂപ) |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/18/ തസ്വഭവ തീയതി.13.08.2018 | 24,20,000/- | 2,20,28,000/- | 29,48,000/- | | 2,15,00,000/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2019-20 | 1-22 | 6658 | ശ്രീമതി.സലീമ.എസ് എഫ്.ടി.എസ്. | 121150101469, 70 Dt.4.10.21 |
| 2017-18 | 3.1 | 12884 | ശ്രീമതി.ജിജിമോൾ അലക്സ് (സെക്രട്ടറി) | 121150103505 16.2.22 |
| 1991-92 | 24 | 28 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104362 26.3.22 |
| 1991-92 | 26 | 35 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104363 26.3.22 |
| 1991-92 | 27 | 25 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104364 26.3.22 |
| 1991-92 | 28 | 5 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104365 26.3.22 |
| 1991-92 | 29(a) | 105 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104366 26.3.22 |
| 1991-92 | 29(b) | 35 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104367 26.3.22 |
| 1991-92 | 30(a) | 210 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104368 26.3.22 |
| 1991-92 | 30(b) | 89 | ശ്രീ.വിജയൻ (സെക്രട്ടറി) | 121150104369 26.3.22 |
| 1993-94 | 7(a) | 75 | ശ്രീ.എസ്.ശശിധരൻ (സെക്രട്ടറി) | 121150104370 26.3.22 |
| 1993-94 | 26 | 28 | ശ്രീ.എസ്.ശശിധരൻ (സെക്രട്ടറി) | 121150104371 26.3.22 |
| 1991-92 | 35 | 35 | ശ്രീ.എസ്.ശശിധരൻ | 121150104372 |

| | | | | |
|---|---|---|---|---|
| | | | (സെക്രട്ടറി) | 26.3.22 |
| 1992-93<br>1993-94 | 7(a) | 60 | ശ്രീ.എസ്.ശശിധരൻ<br>(സെക്രട്ടറി) | 121150104373<br>26.3.22 |
| 1993-94 | 7(a) | 10 | ശ്രീ.എസ്.ശശിധരൻ<br>(സെക്രട്ടറി) | 121150104374<br>26.3.22 |
| 1993-94 | 26 | 28 | ശ്രീ.എസ്.ശശിധരൻ<br>(സെക്രട്ടറി) | 121150104375<br>26.3.22 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2004-05 | 2.1.2.(1) | കുട്ടകൃഷിക്ക് ട്രാക്ടർ വാങ്ങിയത് കർഷകർക്ക് പ്രയോജനപ്പെട്ടില്ല | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1997-98 | 51 | 2004-05 | 2.1.2.(2) | നിയമവിരുദ്ധമായി മുൻകൂർ നൽകിയ റോഡ് പുനരുദ്ധാരണ വേല പൂർത്തിയാക്കിയായില്ല. | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1997-98 | 54 | 2004-05 | 2.1.2.(3) | അനാവശ്യമായി ടെലിവിഷൻ സെറ്റുകൾ വാങ്ങി പദ്ധതി പണം 1.6 ലക്ഷം രൂപ നഷ്ടപ്പെടുത്തി | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2007-08 | 3(3) | 2010-11 | 5.4.3.(1) | ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് ചെലവ്. | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4340/- | ശ്രീ.ബിജി.ആർ (അസി.സെക്രട്ടറി) |

(ബി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 334080 | ഡോ സ്മിത MO PHC |
| 1-16 | 50342 | ശ്രീമതി. ഫ്ലോസിലാസ് (സെക്രട്ടറി) |
| 1-17 | 10200 | ശ്രീമതി ഷൈനി പി എസ്, VEO |
| 1-18 | 328571 | ശ്രീമതി. ഫ്ലോസിലാസ് (സെക്രട്ടറി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സ്മിത ബി എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, എഴുകോൺ | ചെമ്പകശ്ശേരിൽ മങ്ങാട് കൊല്ലം |
| ശ്രീമതി ഷൈനി പി എസ്, വി.ഇ.ഒ. | വി.ഇ.ഒ, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | മാമൂവിള വീട് കിളിക്കൊല്ലൂർ |
| ശ്രീമതി ഫ്ലോസിലാസ് (സെക്രട്ടറി) | എഴുകോൺ ഗ്രാമപഞ്ചായത്ത് | കളരായ്ക്കൽ, ഹോസ്പിറ്റൽ ജം. കുണ്ടറ.പി.ഒ |
| ശ്രീ.ബിജി.ആർ. (അസി.സെക്രട്ടറി) | എഴുകോൺ ഗ്രാമപഞ്ചായത്ത് | ചാലിൽ, മനയ്ക്കൽ, ആലിന്റെമൂട്, പൂതക്കുളം.പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 6 |
| 1989-90& 1990-91 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 6 |
| 1991-92 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 29 |
| 1992-93 &1993-94 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 24 |
| 1995-96 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 6 |
| 1996-97 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 1 |
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | എല്ലാ ഖണ്ഡികകളും |
| 1998-99-വരവ് | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 3 |
| 1998-99- | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 9 |

| | | |
|---|---|---|
| ചെലവ് | | |
| 1999-00 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 12 |
| 2000-01 | എൽ.എഫ്.ക്യൂ.പി3-1203/14/13.06.14 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.ക്യൂ.പി3-1203(2)/14/13.06.14 | 31 |
| 2002-03 | എൽ.എഫ്.ക്യൂ.പി3-1203(3)/14/13.06.14 | 11 |
| 2003-04 | എൽ.എഫ്.ക്യൂ.പി3-1203(4)/14/13.06.14 | 17 |
| 2004-05 | എൽ.എഫ്.ക്യൂ.പി3-1203(5)/14/13.06.14 | 5 |
| 2005-06 | എൽ.എഫ്.ക്യൂ.പി3-1203(6)/14/13.06.14 | 6 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി6/813(1)/19/12.06.19 | 5 |
| 2007-08 | കെ.എസ്.എ-കെ.എൽ.എം-പി6/813(2)/19/12.06.19 | 2 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി6/813(3)/19/12.06.19 | 2 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി6/813(4)/19/12.06.19 | 3 |
| 2010-11 | കെ.എസ്.എ-കെ.എൽ.എം-പി6/813(5)/19/12.06.19 | 6 |
| 2011-12 | കെ.എസ്.എ-കെ.എൽ.എം-പി6/531/22/Adalath 11-12/22.08.2022 | 6 |
| 2012-13 | കെ.എസ്.എ-കെ.എൽ.എം-പി6/531/22/Adalath 12-13/22.08.2022 | 8 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി6/531/22/Adalath 13-14&14-15/22.08.2022 | 7 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി6/531/22/Adalath 15-16/22.08.2022 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി-6/1622/18/15.05.18 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി6/1713/2021/8.8.22 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി6/58/2020/10.07.2022 | 15 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി6/765/2021 /02- 07-2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി6/1729/2021 /15- 07-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്